Draft #2 of File 46922/AC A8/3/2019/ACAD (PART-I) Approved by ASSISTANT REGISTRAR II (ACADEMIC) on 30-Jun-2020 04:39 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അക്കാദമികം-ഗ്രേസ് മാർക്ക് - ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് എൻ.എസ്.എസ് പ്രവർത്തനത്തിന് അനുവദിക്കുന്ന ഗ്രേസ് ഗ്രേഡ് പോയിന്റ് സെമസ്റ്റർ നിബന്ധനയില്ലാതെ വിതരണം ചെയ്യുന്നതിനുള്ള തീരുമാനം- ഉത്തരവാകുന്നു.

---

**അക്കാദമിക് എ 8 സെക്ഷൻ**

നമ്പർ. 2932/AC A 8/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 30.06.2020

---

*പരാമർശം:*-1) 16.04.2016-ലെ 2206/01/Ac AVIII/2016 നമ്പർ സർവകലാശാലാ ഉത്തരവ്.

2) 22.08.2017-ലെ 5145/AcAVIII/01/2017 നമ്പർ സർവകലാശാലാ ഉത്തരവ്

3) 10.03.2020-ലെ 1456/Ac AVIII/2020/ എം.ജി.യു നമ്പർ സർവകലാശാലാ ഉത്തരവ്.

4) ശ്രീ. മുഹമ്മദ് അബ്ബാസ്.എസ് (PRN 170011014905) 18.03.2020- ൽ സർവകലാശാലയിൽ സമർപ്പിച്ച അപേക്ഷ.

**ഉത്തരവ്**

പരാമർശം (3) സർവകലാശാലാ ഉത്തരവ് പ്രകാരം എൻ.എസ്.എസ് വോളന്റിയർമാരായ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് കോഴ്സ് കാലയളവിൽ എൻ.എസ്.എസ് പ്രവർത്തനങ്ങളിലേർപ്പെടുന്ന രണ്ട് വർഷങ്ങളിലും അർഹമായ ഗ്രേസ് ഗ്രേഡ് പോയിന്റ് അനുവദിക്കുന്നതിന് തീരുമാനിച്ചിരുന്നു. കോന്നി, SAS SNDP യോഗം കോളേജിലെ എം.കോം വിദ്യാർത്ഥിയായിരുന്ന ശ്രീ.മുഹമ്മദ് അബ്ബാസ് എസ് (PRN 170011014905) സമർപ്പിച്ച അപേക്ഷ പരിഗണിച്ചാണ് ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാൽ , അർഹതപ്പെട്ട ഗ്രേസ് ഗ്രേഡ് പോയിന്റ് സെമസ്റ്റർ നിബന്ധനയില്ലാതെ വിതരണം ചെയ്താൽ മാത്രമേ രണ്ട്, മൂന്ന് സെമസ്റ്ററുകളിൽ പരാജയപ്പെട്ട വിഷയങ്ങൾ വിജയിക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ സെമസ്റ്റർ നിബന്ധന ഒഴിവാക്കി നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. മുഹമ്മദ് അബ്ബാസ് പരാമർശം (4) പ്രകാരം ഒരു അപേക്ഷ കൂടി സമർപ്പിച്ചു.

ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ഗ്രേസ് ഗ്രേഡ് പോയിന്റ് അനുവദിക്കുന്നതിനുള്ള പരാമർശം (1),(2) ഉത്തരവുകൾ പ്രകാരം ഗ്രേസ് ഗ്രേഡ് പോയിന്റ് വിതരണം ചെയ്യുമ്പോൾ സെമസ്റ്റർ നിബന്ധനകളോടെ മാത്രമേ വിതരണം ചെയ്യുവാൻ കഴിയുകയുള്ളൂ എന്നതിനാൽ ശ്രീ. മുഹമ്മദ് അബ്ബാസ്. എസ് സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിനായി വൈസ് ചാൻസലർ മുമ്പാകെ സമർപ്പിച്ചു.

അപേക്ഷ പരിഗണിച്ച വൈസ് ചാൻസലർ എൻ.എസ്.എസ് പ്രവർത്തനങ്ങളിലേർപ്പെടുന്ന ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് നൽകുന്ന ഗ്രേസ് മാർക്ക് സെമസ്റ്റർ നിബന്ധനയില്ലാതെ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവകലാശാലാ ആക്ട്, 1985

അധ്യായം III.10(17) വകുപ്പ് പ്രകാരം ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം(1) മുതൽ (3) വരെയുള്ള സർവകലാശാലാ ഉത്തരവുകൾ ഇത്രത്തോളം ഭേദഗതി വരുത്തിയിരിക്കുന്നു.

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) ശ്രീ.മുഹമ്മദ് അബ്ബാസ്.എസ്
2) വൈസ് ചാൻസലറുടെ/ പ്രോ വൈസ് ചാൻസലറുടെ പി.എസ്
3) രജിസ്ട്രാറുടെ/പരീക്ഷ കൺട്രോളറുടെ പി.എ.
4) എ.ആർ/ ഡി.ആർ/ ജെ.ആർ(അക്കാദമിക്/ പരീക്ഷ).
5) സിസ്റ്റം അഡ്മിനിസ്ട്രേറ്റർ/ CETEX
6) കണ്ടെന്റ് മാനേജ്മെന്റ് സെൽ/ഐക്യുഎസി
7) എസി.സി I സെക്ഷൻ.
8) ടാബുലേഷൻ സെക്ഷനുകൾ
9) എൻ.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ.
10) കരുതൽ ഫയൽ/ ഫയൽ പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 46922/AC A8/3/2019/ACAD (PART-I) Approved by ASSISTANT REGISTRAR II (ACADEMIC) on 30-Jun-2020 04:39 PM - Page 2